## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3134 — 11.12.2014 ൽ മറുപടിയ്ക്ക്

### സപ്ലൈകോയിലെ ഒഴിവുകളും നിയമനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സപ്ലൈകോ യിൽ ഡയറക്റ്റ് സ്റ്റാഫിന് അനുവദിച്ചിട്ടുള്ള ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ് II എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ വീതമുണ്ട്; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ; | (എ) ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് I, സീനിയർ അസിസ്റ്റന്റ് II എന്നീ തസ്തികകളിൽ നിലവിൽ ഒഴിവുകളില്ല. |
| (ബി) സപ്ലൈകോയിൽ പ്രമോഷൻ സംബന്ധിച്ച് ജി.ഒ നം.30/10 നടപ്പാക്കുന്നതിന് നിലവിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ; | (ബി) 04.09.10 ലെ ജി.ഒ (എം.എസ്) നം.30/10/ ഭ.സി.സ.വ നമ്പർ റിക്രൂട്ട്മെന്റ് പ്രമോഷൻ റൂൾസിന് ധനവകുപ്പ് അംഗീകാരം നൽകാത്തതിനാൽ 06.07.2011 ലെ സ.ഉ (എം.എസ്) നം.27/11/ഭ.സി.സ.വ പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്. |
| (സി) സപ്ലൈകോയിൽ കോമൺ സർവീസ് റൂൾ നടപ്പാക്കുന്നതിനു വേണ്ട നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; | (സി) സപ്ലൈകോയിൽ കോമൺ സർവീസ് റൂൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ചട്ടം തയ്യാറാക്കി സമർപ്പിക്കുന്നതിന് റിട്ടയേർഡ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്.വിജയകുമാറിനെ കൺസൽട്ടന്റായി നിയമിക്കുകയും, ടിയാൻ തയ്യാറാക്കിയ കരട് ചട്ടം സർവ്വീസ് സംഘടനാ/ ട്രേഡ് യൂണിയനുകളുടെ അഭിപ്രായത്തിനായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ നടപ്പാക്കേണ്ട മാറ്റങ്ങളും, ഭേദഗതികളും സംബന്ധിച്ച് ആദ്യഘട്ട ചർച്ച നടത്തി അവർ ഉന്നയിച്ച ഭേദഗതികൾ ഉൾപ്പെടുത്തി കരട് ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. |

| | | | |
|---|---|---|---|
| (ഡി) | സപ്ലൈകോയിൽ സ്റ്റാഫ് സ്ട്രെങ്ങ്തിനെ കുറിച്ച് പഠിക്കാൻ നിയോഗിച്ച പ്രോഡക്ടിവിറ്റി കൗൺസിൽ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | അന്തിമ റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല. |
| (ഇ) | 2014 ആഗസ്റ്റ് മാസത്തിൽ സപ്ലൈകോ ജീവനക്കാരുടെ സമരം ഒത്തുതീർപ്പാക്കാൻ എടുത്ത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പാക്കിയെന്ന് വിശദമാക്കാമോ; | (ഇ) | സപ്ലൈകോയിൽ നേരിട്ട് നിയമിച്ചിട്ടുള്ള അസിസ്റ്റന്റ് സെയിൽസ്മാൻമാരിൽ നിന്നും ജൂനിയർ അസിസ്റ്റന്റ്മാരുടെ 14 ഒഴിവുകളിലേയ്ക്കും, 23.10.2014 ലെ സ.ഉ (എം.എസ്) നം.44/14/ഭ.സി.സ.വ ഉത്തരവു പ്രകാരം താത്ക്കാലികമായി അനുവദിക്കപ്പെട്ടിട്ടുള്ള 36 ഒഴിവുകളിലേയ്ക്കും നിശ്ചിത യോഗ്യതയുള്ളവർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |
| (എഫ്) | ഇപ്പോൾ നിലവിലുള്ള അന്യത്ര സേവന സമ്പ്രദായം നിർത്തലാക്കി പി.എസ്.സി യിൽ നിന്ന് നേരിട്ട് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ; | (എഫ്) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |
| (ജി) | സപ്ലൈകോയിൽ പങ്കാളിത്ത പെൻഷൻ നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; സപ്ലൈകോയിലേയ്ക്ക് പുതുതായി 96 ജൂനിയർ അസിസ്റ്റന്റ് തസ്തികകൾ അനുവദിക്കുന്നതിന് സാമ്പത്തിക ബാധ്യതയില്ലെന്ന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയ ഫയലിന്റെ തുടർനടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (ജി) | സപ്ലൈകോ ജീവനക്കാരുടെ സമരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയിൽ, സപ്ലൈകോയിലെ ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കണമെന്ന് അറിയിച്ചിരുന്നു. പ്രസ്തുത പെൻഷൻ പദ്ധതിയെ സംബന്ധിച്ച നിർദ്ദേശങ്ങൾ സപ്ലൈകോ മാനേജിംഗ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. സപ്ലൈകോയിൽ സ.ഉ (എം.എസ്) 43/09/ ഭ.സി.സ.വ. തീയതി 31.12.09 പ്രകാരം 100 ജൂനിയർ അസിസ്റ്റന്റ് തസ്തിക താത്കാലികമായി അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ സപ്ലൈകോയുടെ തസ്തികകളെ സംബന്ധിച്ച പഠനത്തിനായി നിയോഗിച്ച പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ റിപ്പോർട്ട് ഇക്കാര്യത്തിൽ തുടർ നടപടിയ്ക്കായി ലഭിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ